H.S.E. (I)
February 2008

Reg. No. ..................................

Name ..................................

248

## Part - III

## BUSINESS STUDIES

Maximum : 60 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം ' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽതന്നെ ഉണ്ടായിരിക്കണം.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.

1. These are industries which convert raw materials into the finished product. Identify these types of industries. (1)

2. This activity is undertaken primarily to satisfy social, religious or cultural requirements of human beings. Which is this activity ? (1)

3. It is not formed by an agreement or by a contract. But it comes into existence by the operation of Hindu Law. Name the types of business organisations. (1)

4. These are debentures which are secured by a charge or mortgage on the assets of the company. Name the types of debentures. (1)

5. This is a document stating the value and quantity of goods entering into the country from aborad. It is submitted to the customs office either by the importer or his agent. What is this document ? (1)

6. Match the following :

| A | B |
|---|---|
| 1) Warehousing | i) Mutual Funds |
| 2) Unit Trust of India | ii) Hindrance of time |
| 3) Insurance | iii) External Communication |
| 4) Telecom | iv) Cansa Proxima |

(2)

1. ഈ വ്യവസായങ്ങൾ അസംസ്കൃത പദാർത്ഥങ്ങളെ സംസ്കൃത പദാർത്ഥങ്ങളായി മാറ്റുന്നു. ഏതുതരം വ്യവസായമാണിതെന്നു തിരിച്ചറിയുക. (1)

2. ഈ പ്രവർത്തികൾ പ്രധാനമായും മനുഷ്യന്റെ സാമൂഹികവും മതപരവും സാംസ്കാരികവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ളതാണ്. ഏതാണ് ഈ പ്രവർത്തി. (1)

3. ഇത് ഒരു ഉടമ്പടിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതല്ല. മറിച്ച് ഇത് ഹിന്ദു നിയമ പ്രകാരം നിലവിൽ വരുന്നതാണ്. ഇത് ഏത് തരം ബിസിനസ് ഓർഗനൈസേഷനാണ്. (1)

4. ഈ കടപ്പത്രങ്ങൾ കമ്പനിയുടെ ആസ്തിയിൽ കടപ്പെടുത്തിയിരിക്കുന്നതാണ്. കടപ്പത്രത്തിന്റെ പേരെന്താണ്. (1)

5. ഈ പ്രമാണത്തിൽ വിദേശത്തുനിന്ന് രാജ്യത്തിലേക്ക് വരുന്ന സാധനങ്ങളുടെ അളവും വിലയും രേഖപ്പെടുത്തുന്നു. ഇറക്കുമതിക്കാരനോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ഈ പ്രമാണം കസ്റ്റംസ് ഓഫീസിൽ സമർപ്പിക്കുന്നു. എന്താണ് ഈ പ്രമാണം. (1)

6. ചേരുംപടിചേർക്കുക.

| A | B |
|---|---|
| 1) Warehousing | i) Mutual Funds |
| 2) Unit Trust of India | ii) Hindrance of time |
| 3) Insurance | iii) External Communication |
| 4) Telecom | iv) Cansa Proxima |

(2)

7. Rajeev started a small scale steel furniture manufacturing unit by investing his own funds. So he is of the opinion that his business has no responsibility towards the Government. What is your reaction to the views of Rajeev ? (2)

8. Find out the odd one and give justification to your answer :

a) Promotion /issue of debentures/ Formation / incorporation.

b) Prospectus / Table A / Memorandum of Association / Articles of Partnership. (2)

9. Choose the correct answer from the following :

a) Indian Railway is an example of :
   i) Public corporation
   ii) Departmental undertaking
   iii) Government company.

b) Which type of organisation is LIC ?
   i) Public corporation
   ii) Government company
   iii) Department undertaking (2)

10. Smitha decides to purchase goods from a supermarket. You are to encourage her decision by stating any four advantages of a supermarket. (2)

11. Mohan, a businessman, is not denying the fact that his business has started earning a profit. You have to support Mohan by stating any four significances of earning a profit in a business. (3)

7. രാജീവ് സ്വന്തം മൂലധനം മുടക്കി ഒരു ചെറിയ സ്റ്റീൽഫർണിച്ചർ നിർമ്മാണ യൂണിറ്റ് തുടങ്ങി. മൂലധനം സ്വയം മുടക്കിയിരിക്കുന്നതുകൊണ്ട് തന്റെസ്ഥാപനത്തിന് സർക്കാരിനോട് യാതൊരു ഉത്തരവാദിത്വവും ഇല്ലെന്നാണ് രാജീവിന്റെ അഭിപ്രായം.രാജീവിന്റെ അഭിപ്രായത്തോട് നിങ്ങളുടെ പ്രതികരണം എന്താണ്? (2)

8. ഒറ്റപ്പെട്ടതിനെ കണ്ടെത്തി കാരണം ന്യായീകരിക്കുക.

a) Promotion /issue of debentures/ Formation / incorporation.

b) Prospectus / Table A / Memorandum of Association / Articles of Partnership. (2)

9. താഴെപറയുന്നതിൽനിന്നും ശരിയായ ഉത്തരങ്ങൾ കണ്ടെത്തുക.

a) Indian Railway is an example of :
   i) Public corporation
   ii) Departmental undertaking
   iii) Government company.

b) Which type of organisation is LIC ?
   i) Public corporation
   ii) Government company
   iii) Departmental undertaking (2)

10. സ്മിത ഒരു സൂപ്പർമാർക്കറ്റിൽ നിന്നും സാധനങ്ങൾ വാങ്ങാൻ തീരുമാനിക്കുന്നു. സൂപ്പർമാർക്കറ്റുകളുടെ ഏതെങ്കിലും നാലു നേട്ടങ്ങൾ നിരത്തി സ്മിതയുടെ തീരുമാനത്തെ പ്രോത്സാഹിപ്പിക്കുക. (2)

11. ഒരു ബിസിനസ്കാരനായ മോഹൻ ലാഭമുണ്ടാക്കുന്നതിനുവേണ്ടിയാണ് താൻ സ്ഥാപനം തുടങ്ങിയതെന്ന വസ്തുത നിരാകരിക്കുന്നില്ല. ബിസിനസിൽ ലാഭത്തിന്റെ പ്രാധാന്യങ്ങളിൽ ഏതെങ്കിലും നാലെണ്ണം ചൂണ്ടിക്കാട്ടി മോഹന്റെ നിലപാടിനോട് യോജിക്കുക. (3)

12. Mr. Balachandran, a Chartered Accountant, is now working as a Finance Manager in a Private Limited Company. Mention the category of economic activity in which Mr. Balachandran belongs to. Also state the features of that category. (3)

13. Rahim, a traditional businessman, wants to introduce E-Commerce in his business. How will you encourage him by stating the benefits of E-Commerce? (3)

14. A public company can commence business only after getting the certificate of commencement of the business. Abhijith, a plus two commerce student wants to know the conditions to be fulfilled to obtain the certificate of commencement of business. Can you help him? (3)

15. Under the globalised economy, a large number of Multinational Companies (MNCs) are emerging all over the world. Syam, a B.Tech student intends to take empolyment in one of the MNCs. List out any six features of MNCs for him (need not explain). (3)

16. These are shares which carry preferential rights over the equity shares. Being a commerce student, identify this type of share. And state its two preferential rights. (3)

12. ഒരു ചാർട്ടേഡ് അക്കൗണ്ടന്റായ ശ്രീ ബാലചന്ദ്രൻ ഇപ്പോൾ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ ഫിനാൻസ് മാനേജരായി ജോലിചെയ്യുന്നു.സാമ്പത്തിക പ്രവർത്തനത്തിന്റെ ഏതു കാറ്റഗറിയിലാണ് അദ്ദേഹം ഉൾപ്പെടുന്നത്. ആ കാറ്റഗറിയുടെ സവിശേഷതകൾകൂടി സൂചിപ്പിക്കുക. (3)

13. പരമ്പരാഗതമായി ബിസിനസ് നടത്തിവരുന്ന റഹിം അദ്ദേഹത്തിന്റെ സ്ഥാപനത്തിൽ E-Commerce ആവിഷ്കരിക്കാൻ ആഗ്രഹിക്കുന്നു. E-കോമേഴ്സിന്റെ നേട്ടങ്ങൾ നിരത്തി നിങ്ങൾ അദ്ദേഹത്തെ എങ്ങനെ പ്രോത്സാ ഹിപ്പിക്കും? (3)

14. ഒരു പബ്ലിക്ക് കമ്പനിക്ക് സർട്ടിഫിക്കറ്റ് ഓഫ് കമൻസ്മെന്റ് ഓഫ് ബിസിനസ് ലഭിച്ചാലേ ബിസിനസ് ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പ്ലസ്റ്റു കോമേഴ്സ് വിദ്യാർത്ഥിയായ അഭിജിത്തിന് എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനുവേണ്ടി നിർവഹിക്കേണ്ടത് എന്നറിയാൻ ആഗ്രഹമുണ്ട്. നിങ്ങൾക്ക് അയാളെ സഹായിക്കാമോ? (3)

15. ആഗോളവല്ക്കരണ സമ്പദ്വ്യവസ്ഥയിൽ ലോകത്തിൽ എമ്പാടും ധാരാളം മൾട്ടിനാഷണൽ കമ്പനികൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഒരു ബി. ടെക്. വിദ്യാർത്ഥിയായ ശ്യം ഇത്തരത്തിലുള്ള ഒരു കമ്പനിയിൽ ജോലി നേടാൻ ആഗ്രഹിക്കുന്നു. മൾട്ടിനാഷണൽ കമ്പനികളുടെ ആറ് സവിശേഷതകൾ ശ്യാമിനുവേണ്ടി സൂചിപ്പിക്കുക (വിവരിക്കേണ്ട ആവശ്യമില്ല) (3)

16. ഇത്തരം ഓഹരികൾക്ക് ഇക്വിറ്റിഓഹരികളേക്കാൾ മുൻഗണനാ അവകാശം ഉള്ളവയാണ്. ഒരു കോമേഴ്സ് വിദ്യാർത്ഥി എന്നുള്ളനിലയ്ക്ക് ഏതാണ് ഇത്തരം ഓഹരികൾ എന്ന് തിരിച്ചറിയുക. അതിനോടൊപ്പം ഇത്തരം ഓഹരി കൾക്കുള്ള രണ്ടു മുൻഗണനാ അവകാശങ്ങൾ വ്യക്തമാക്കുക. (3)

17. Arun and Sarun are friends. They went for shopping and Arun purchased a pair of shoes from a Bata showroom. Sarun told him that the Bata showroom is a chain store. But they did not know the features of chain stores. Can you help them ? (Mention any six features). (3)

18. Hudson Stephen, an industrialist, was not aware of the different causes of environmental pollution. Being a commerce student, you can help him by stating the causes. How can you help him ? (Mention four important causes of environmental pollution). (4)

19. Ameer is ignorant about financial services. As a commerce student, you can help him. Then you explain :

a) The meaning of financial services.

b) What are included in financial services ? (4)

20. Sherly, a commerce student is not clear about the concept of 'ploughing back of profits'. Clarify her doubts by stating the meaning and merits of ploughing back of profits. (4)

17. സുഹൃത്തുക്കളായ അരുണും സരുണും സാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി പോയി. ബാറ്റാ ഷോപ്പിൽ നിന്നും അരുൺ ഒരു ജോഡി ഷൂസ് വാങ്ങി. ബാറ്റാ ഷോറും ഒരു ചെയിൻ സ്റ്റോർ ആണെന്ന് സരുൺ അരുണിനോട് പറഞ്ഞു. എന്നാൽ അവർക്ക് ചെയിൻ സ്റ്റോറിന്റെ പ്രത്യേകതകൾ അറിയില്ല. നിങ്ങൾ അവരെ സഹായിക്കുമോ? (ഏതെങ്കിലും ആറ് സവിശേഷതകൾ സൂചിപ്പിക്കുക) (3)

18. ഒരു വ്യവസായി ആയ ഹഡ്സൻ സ്റ്റീഫൻ പരിസ്ഥിതി മലിനീകരണത്തിന്റെ കാരണങ്ങളെക്കുറിച്ച് ശരിയായ അറിവില്ലാത്തയാളാണ്. പരിസ്ഥിതി മലിനീകരണത്തിന്റെ കാരണങ്ങൾ വ്യക്തമാക്കി നിങ്ങൾക്ക് അദ്ദേഹത്തെ സഹായിക്കാൻ കഴിയും. എങ്ങനെയാണ് സഹായിക്കുക? (പരിസ്ഥിതി മലിനീകരണത്തിന്റെ നാല് പ്രധാന കാരണങ്ങൾ വ്യക്തമാക്കുക) (4)

19. ഫിനാൻഷ്യൽ സർവ്വീസസ് എന്നു പറയുന്നത് എന്താണെന്ന് അമീറിന് അറിവില്ല. കോമേഴ്സ് വിദ്യാർത്ഥിയായ നിങ്ങൾക്ക് അയാളെ സഹായിക്കാൻ കഴിയും. അതിനാൽ നിങ്ങൾ വിശദീകരിക്കുക:

a) എന്താണ് ഫിനാൻഷ്യൽ സർവ്വീസസ്?

b) എന്തൊക്കെയാണ് അതിൽ ഉൾപ്പെടുന്നത്. (4)

20. ഷെർലി എന്ന കോമേഴ്സ് വിദ്യാർത്ഥിനിക്ക് 'പ്ലോയിങ് ബാക്ക് ഓഫ് പ്രോഫിറ്റ്സ്' എന്ന ആശയം വ്യക്തമല്ല. ഇതിന്റെ അർത്ഥവും നേട്ടങ്ങളും വ്യക്തമാക്കി ഷെർലിയുടെ സംശയം ദൂരീകരിക്കുക. (4)

21. 'Each for all and all for each' is the motto of a co-operative society. A co-operative form of organisation has certain advantages. Explain any six important advantages. **(6)**

**OR**

According to Chief Justice Marshall of U.S.A., "A company is a person, artificial, invisible, intangible and existing only in the contemplation of the law."

Explain the characteristics of a joint stock company on the basis of the above definition. (Answer may be limited to six important features).

22. Guna Shenoy, proprietor 'Shenoy Electronics', wants to import electronic goods from Japan to his store. But he is not aware of the import formalities. Will you help him by explaining the procedure involved in the importing of goods? **(6)**

**OR**

Mathew is a large scale cardamom farmer. He wants to export cardamom to Europe. But he is not aware of the export promotion measures adopted by the Government. How will you make Mathew satisfied by explaining the export promotion measures adopted by the Government?



21. ഒരാൾ എല്ലാവർക്കും വേണ്ടിയും എല്ലാവരും ഒരാൾക്കു വേണ്ടിയും എന്നതാണ് ഒരു സഹകരണ സ്ഥാപനത്തിന്റെ ഉദ്ദേശ്യം. ഒരു സഹകരണ സ്ഥാപനത്തിന് ഏതാനും നേട്ടങ്ങൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട ആറ് നേട്ടങ്ങൾ വിവരിക്കുക. **(6)**

**OR**

യു. എസ്സ്. എ യിലെ ചീഫ് ജസ്റ്റിസ് മാർഷലിന്റെ അഭിപ്രായത്തിൽ കമ്പനി എന്നത് ഒരു കൃത്രിമ വ്യക്തിയും കാണാൻ കഴിയാത്തതും തൊടാൻ കഴിയാത്തതും നിയമത്തിന്റെ ദൃഷ്ടിയിൽ മാത്രം നിലനില്ക്കുന്നതുമാണ്.

ഈ നിർവചനത്തെ ആധാരമാക്കി ഒരു ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ സവിശേഷതകൾ വിവരിക്കുക. (ഉത്തരം ആറ് സവിശേഷതകളിൽ പരിമിതപ്പെടുത്തുക)

22. ഷേണായി ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന്റെ ഉടമയായ ഗുണഷേണായി അദ്ദേഹത്തിന്റെ സ്റ്റോറിലേക്ക് ജപ്പാനിൽ നിന്നും ഇലക്ട്രോണിക്സ് സാധനങ്ങൾ ഇറക്കുമതി ചെയ്യാൻ ആഗ്രഹിക്കുന്നു. പക്ഷേ ഇറക്കുമതിചെയ്യുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് അദ്ദേഹത്തിന് അറിയില്ല, ഈ നടപടിക്രമങ്ങളെക്കുറിച്ച് വിശദീകരിച്ച് നിങ്ങൾ അദ്ദേഹത്തെ സഹായിക്കുമോ? **(6)**

**OR**

മാത്യൂ ഒരു വൻകിട ഏലം കർഷകനാണ്. അദ്ദേഹം യൂറോപ്പിലേക്ക് ഏലം കയറ്റുമതിചെയ്യാൻ ആഗ്രഹിക്കുന്നു. പക്ഷെ അദ്ദേഹത്തിന് ഗവർമെന്റ് അനുവർത്തിക്കുന്ന കയറ്റുമതി പ്രോത്സാഹന നടപടികളെക്കുറിച്ച് അറിയില്ല. ഇത് വിശദീകരിച്ച്കൊടുത്ത് മാത്യൂവിനെ നിങ്ങൾ എങ്ങനെ സംതൃപ്തനാക്കും?